സ.ഉ.(സാധാ) നം.1478/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം -പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് സദ്സേവന രേഖ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1478/2022/LSGD തീയതി,തിരുവനന്തപുരം, 18-06-2022

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 12.04.2022 - ലെ PAN/4926/2022-E8(DP) നമ്പർ നടപടി ക്രമം.
2. പഞ്ചായത്ത് ഡയറക്ടറുടെ 03.06.2022 ലെ PAN/4926/2022 - E8 (DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യതയോടെയും സമയബന്ധിതമായും സുഗമമായും ലഭ്യമാക്കുന്നതിന് വിവര വിനിമയ സാങ്കേതിക വിദ്യയിലെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളിച്ച് ഓപ്പൺ സോഴ്സ് സാങ്കേതിക വിദ്യയിൽ ഇൻഫർമേഷൻ കേരള മിഷൻ രൂപം നൽകിയ പുതിയ സോഫ്റ്റ് വയർ സംവിധാനമാണ് ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS). ILGMS വിജയകരമായി വിന്യസിക്കുന്നതിന് നിരവധി ജീവനക്കാരുടെ കൂട്ടായ പ്രയത്നമുണ്ടെങ്കിലും ILGMS യാഥാർത്ഥ്യമാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ജീവനക്കാരുടെ അക്ഷീണമായ പ്രയത്നവും കാര്യശേഷിയും സേവനതൽപരതയും കണക്കിലെടുത്ത് 5 ഉദ്യോഗസ്ഥർക്ക് സദ്സേവനരേഖ അനുവദിച്ച് പരാമർശം (1) നമ്പർ നടപടി ക്രമം പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്.

2. വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരന് ഉപകാരപ്രദമാകുന്ന വിധത്തിൽ രാജ്യത്തെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും മാതൃകയാവുന്ന തരത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് പിന്നിൽ പ്രയത്നിച്ച ജീവനക്കാർക്ക് സർക്കാർതലത്തിൽ സദ്സേവന രേഖ അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരന് ഉപകാരപ്രദമാകുന്ന വിധത്തിൽ രാജ്യത്തെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും മാതൃകയാവുന്ന തരത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് പിന്നിൽ പ്രയത്നിച്ച ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് സദ്സേവന രേഖ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ.കെ. വിനോദ് കുമാർ - അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് & ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, (Former State Nodal Officer, ILGMS Global Master Team)
2. ശ്രീ.കെ. പ്രശാന്ത് കുമാർ - അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് , തിരുവനന്തപുരം ( State Nodal Officer, ILGMS Global Master Team)
3. ശ്രീ. ശ്യാം കുമാർ കെ.യു. - സീനിയർ സൂപ്രണ്ട് , പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം (Former Domain Expert, IKM)
4. ശ്രീ. ജിജു കൃഷ്ണ കെ, ജൂനിയർ സൂപ്രണ്ട് , പഞ്ചായത്ത് വകുപ്പ് (Domain Expert, IKM)
5. ശ്രീ. സുനിൽ കുമാർ ടി. കെ., ജൂനിയർ സൂപ്രണ്ട് , പി.എ.യു. 2, ഇടുക്കി (State Cell, ILGMS)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3, പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ഇപിബി1/78/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ